143

# കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം
ട്രാൻസ്പോർട്ട് ഭവൻ, തിരുവനന്തപുരം
തീയതി: 23.05.09

പി.ആർ.സി /000076/09

## മെമ്മോറാണ്ടം

വിഷയം: ശമ്പള പരിഷ്ക്കരണം 2008 നോടനുബന്ധിച്ച് 01.03.06 മുതൽ പെൻഷനായ ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിച്ച് പുതുക്കിയ പെൻഷൻ സമയബന്ധിതമായി നല്കുന്നതിന് അധികവേതനം അനുവദിച്ചു കൊണ്ടുള്ള ഉത്തരവ്.

സൂചന: 1. സേവന-വേതനക്കരാർ 2008 ഖണ്ഡം XXXI- പെൻഷൻ
2. ഉത്തരവ് നമ്പർ പി.എ. 23/001500/09, തീയതി: 02.03.09 & 18.03.09

മേൽ സൂചന പ്രകാരം ശമ്പള പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് 01.08.00 മുതൽ 28.02.06 വരെ പെൻഷൻ പറ്റിപിരിഞ്ഞ കണ്ടക്ടർ ഡ്രൈവർ വിഭാഗം ജീവനക്കാരുടെ 1997 സ്കെയിലിലെ അഡീഷണൽ ഇൻക്രിമെന്റും അപ്ഗ്രഡേഷനും, 01.03.06 മുതൽ 31.03.09 വരെ പെൻഷൻ പറ്റി പിരിഞ്ഞ എല്ലാ വിഭാഗം ജീവനക്കാരുടേയും അപ്ഗ്രഡേഷൻ അർഹതയുള്ളവർക്ക് അതുൾപ്പെടെയുള്ള 2006 സ്കെയിലിലെ ശമ്പളപരിഷ്ക്കരണവും നടത്തി പെൻഷൻ സമയബന്ധിതമായി പുതുക്കി നൽകുവാൻ തീരുമാനിച്ചിരിക്കുന്നു.

യൂണിറ്റുകളിൽ ടി ജോലികൾ സമയബന്ധിതമായി ചെയ്തു തീർക്കുവാൻ തക്ക പരിചയ സമ്പന്നരായ ജീവനക്കാരുടെ കുറവ് ഒരു പ്രധാന പ്രശ്നമായതിനാൽ നിലവിലുള്ള ജീവനക്കാർ സന്നദ്ധരെങ്കിൽ അധിക ജോലിക്ക് നിശ്ചിതനിരക്കിൽ അധിക വേതനം നല്കി ചെയ്തു തീർക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ആയതിനായി ഇനി പറയുന്ന രീതിയിൽ അധിക വേതനം നൽകുവാൻ യൂണിറ്റാഫീസർമാരെ ചുമതലപ്പെടുത്തുന്നു.

01.08.00 മുതൽ 28.02.06 വരെ പെൻഷൻ പറ്റി പിരിഞ്ഞ കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാരുടെ 1997 സ്കെയിലിലെ അഡീഷൻ ഇൻക്രിമെന്റും, അപ്ഗ്രഡേഷനും അനുവദിച്ച് സർവ്വീസ് പുസ്തകത്തിൽ രേഖപ്പെടുത്തി പേ റിവിഷൻ സെല്ലിൽ അയച്ച് അംഗീകാരം നേടിയ ശേഷം പരിഷ്ക്കരിച്ച LPC ഉൾപ്പെടെ പെൻഷൻ പരിഷ്ക്കരിക്കുന്നതിനായി ചീഫ് ഓഫീസിലേയ്ക്ക് അയയ്ക്കുന്നതിനും അനുബന്ധമായ എല്ലാ ജോലികളും ചെയ്തു തീർക്കുന്നതിനും.

2. 01.03.06 മുതൽ 31.03.09 വരെ പെൻഷൻ പറ്റിപിരിഞ്ഞ ജീവനക്കാരുടെ ശമ്പളം 2006 ലെ ശമ്പള സ്കെയിലിൽ ഓപ്ഷൻ അനുസരിച്ച് ശമ്പളനിർണ്ണയം നടത്തി പെൻഷൻ തീയതി വരെയുള്ള ഇൻക്രിമെന്റുകൾ അനുവദിച്ച് ആയത് എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്യും പ്രകാരം സർവ്വീസ് പുസ്തകത്തിൽ രേഖപ്പെടുത്തി പേ റിവിഷൻ സെല്ലിലേയ്ക്ക് അയയ്ക്കുകയും അംഗീകാരം ലഭിച്ച ശേഷം പരിഷ്ക്കരിച്ച LPC ഉൾപ്പെടെ പെൻഷൻ& ആഡിറ്റ് സെക്ഷനിലേയ്ക്ക് തിരിച്ച് അയയ്ക്കുന്നതിനും അനുബന്ധമായ മറ്റെല്ലാ ജോലികളും ചെയ്തു തീർക്കുന്നതിനും.

*സേവന പുസ്തകം ഒന്നിന്:*

എസ്റ്റാബ്ലിഷ്മെന്റ് അസിസ്റ്റന്റിന് 8/ രൂപ നിരക്കിലും,
എസ്റ്റാബ്ലിഷ്മെന്റ് സൂപ്രണ്ടിന് 4/ രൂപ നിരക്കിലും
ആഡിറ്റ് അസിസ്റ്റന്റിന് 4/ രൂപ നിരക്കിലും ആഡിറ്റ് സൂപ്രണ്ടിന് 2/ രൂപ നിരക്കിലും
അധിക വേതനം നൽകുന്നതാണ്.

യൂണിറ്റുകളിൽ നിന്നും ശമ്പള പരിഷ്ക്കരണം നടത്തിയ സർവീസ് പുസ്തകങ്ങൾ അംഗീകാരത്തിനായി പേ റിവിഷൻ സെല്ലിലേയ്ക്കും പെൻഷൻ പരിഷ്ക്കരണത്തിനായി പെൻഷൻ & ആഡിറ്റ് സെക്ഷനിലേയ്ക്കും അയയ്ക്കുമ്പോൾ കർശനമായും റിട്ടയർമെന്റ് സീനിയോറിറ്റി പാലിക്കേണ്ടതാണ്.

**ചെയർമാൻ ആന്റ് മാനേജിങ് ഡയറക്ടർക്കു വേണ്ടി**
**ഡെപ്യൂട്ടി ചീഫ് അക്കൗണ്ട്സ് ഓഫീസർ**
പേ റിവിഷൻ സെൽ

*പകർപ്പ്:*

എല്ലാ യൂണിറ്റാഫീസർമാർക്കും
ചീഫ് ആഫീസിലെ എല്ലാ സെക്ഷനുകൾക്കും
സ്റ്റോക്ക് ഫയൽ, ഫയൽ